K-DISC
Kerala Development and Innovation Strategic Council

# INNOTRACE

30 ഏപ്രിൽ 2023 | വാല്യം I | ലക്കം 5




## മെമ്പർ സെക്രട്ടറിയുടെ കുറിപ്പ്



Dr. P. V. Unnikrishnan

ഏപ്രിൽ ഏറ്റവും ക്രൂരമായ മാസമാണെന്ന് ദി വേസ്റ്റ് ലാന്റ് എന്ന തന്റെ കവിതയിൽ  ടി. എസ്.എലിയറ്റ് എഴുതിയിട്ടുണ്ട്. സമീപ വർഷങ്ങളിൽ വേനൽക്കാല താപനില കുതിച്ച് ഉയരുന്നത് കാണുമ്പോഴും സമാന വികാരങ്ങൾ നമ്മിൽ പ്രതിധ്വനിക്കുമായിരുന്നു. വേൾഡ് ക്രിയേറ്റിവിറ്റി ആന്റ് ഇന്നൊവേഷൻ വീക്ക് (ലോക സർഗാത്മകത–നൂതനാശയ ആവിഷ്കാരവാരം)–ൽ നിന്നുള്ള ചൈതന്യം ഉൾക്കൊണ്ട്, പുതിയ പ്രവർത്തനങ്ങൾ ഉത്തേജിപ്പിച്ചപ്പോൾ, കെ–ഡിസ്കിന് അത് പതിവ് ഇടപാടുകളുടെ ഭാഗമായിരുന്നു.

ലോകമെമ്പാടും ഏപ്രിൽ 15മുതൽ 21വരെയുള്ള കാലയളവിൽ ആഘോഷിക്കുന്ന ലോക സർഗാത്മകത–നൂതനാശയ ആവിഷ്കാര വാരത്തിന്, പതിനഞ്ചാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ബഹുമുഖപ്രതിഭയായിരുന്ന ലിയോനാർഡോ ഡാവിഞ്ചിയുടെ ജന്മദിനത്തിലാണ് തുടക്കം കുറിക്കുന്നത്. കലാകാരൻ, എഞ്ചിനീയർ, ശാസ്ത്രജ്ഞൻ, വാസ്തുശില്പി എന്നീ നിലകളിൽ മികവ് തെളിയിച്ച പ്രതിഭയായിരുന്ന ഡാവിഞ്ചി, പാരച്യൂട്ട്, ഹെലികോപ്റ്റർ, കാർ, തോക്ക്, കവചിത വാഹനം കൂടാതെ സൗരോർജ്ജം കേന്ദ്രീകൃതമായി ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യത എന്നിങ്ങനെയുള്ള പല കണ്ടുപിടുത്തങ്ങളും ആവിഷ്കരിച്ചയാളായിരുന്നു. ഏതെങ്കിലും ഒരു കാര്യത്തിൽ സമൂലമായ മാറ്റം വരുത്തണമെങ്കിൽ, കയ്യെത്താവുന്നതിനും അപ്പുറത്തേക്ക് നമ്മൾ എത്തിപ്പിടിക്കേണ്ടതുണ്ടെന്ന് അദ്ദേഹം തെളിയിച്ചു. സ്വയമേയും നമുക്ക് ചുറ്റുമുള്ള ആളുകളേയും നൂതനാശയാവിഷ്കാരത്തിൽ നാം വെല്ലുവിളിക്കേണ്ടിയിരിക്കുന്നു, അതിൽ പ്രധാനമെന്നത് ഇത് പലപ്പോഴും പരാജയപ്പെടുന്നതുമാകാം എന്നത് കൂടിയാണ്.

ജൈവഇന്ധനങ്ങളുടെ കാലം വൈകാതെ കടന്ന് പോകും, വൈദ്യുത വാഹനങ്ങളാകും ഭാവിയിൽ ഇവിടെയുണ്ടാകുക. മതിയായ വൈദ്യുതി ലഭ്യത, ചാർജിംഗ് പോയിന്റുകളുടെ ശൃംഖല എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആകർഷകമായ വൈദ്യുതി നിരക്കും ഉൾപ്പെടുന്ന ശക്തമായ ഒരു രൂപരേഖ സംസ്ഥാന സർക്കാരിന്റെ വൈദ്യുത വാഹന നയം വരച്ച് കാട്ടുന്നു. ഈ വാഹനങ്ങളുടെ ഏറ്റവും നിർണായക ഘടകങ്ങളാണ് ബാറ്ററികൾ. വൈദ്യുത വാഹനങ്ങളിലെ ദീർഘകാല നിലനില്പിനായി രൂപകൽപ്പന ചെയ്ത നൂതന ബാറ്ററികൾ കാലക്രമേണ ഇല്ലാതാകും. അതിനാൽ, 2050–ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കണമെന്ന സംസ്ഥാനത്തിന്റെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ലിഥിയം ടൈറ്റാനിയം ഓക്സൈഡ് ബാറ്ററികളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഈ മാസം അവതരിപ്പിച്ച, ഇലക്ട്രിക് വെഹിക്കിൾ കോൺക്ലേവ് സീരീസ്–2023 ഒരു പ്രധാന ചുവട്‌വെയ്പാണ്.

# ഇലക്ട്രിക് വെഹിക്കിൾസ് കൺസോർഷ്യം കോൺക്ലേവ് സീരീസ് 2023




കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), തങ്ങളുടെ വൈദ്യുത വാഹന കൂട്ടുകെട്ടിലെ പങ്കാളികളായ, ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് (ടിടിപിഎൽ), വിക്രം സാരാഭായ് സ്പേസ് സെന്റർ (വിഎസ്എസ്സി), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിംഗ്, (സി-ഡാക്), കൂടാതെ ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് & ടെക്നോളജി (ട്രെസ്ട്) റിസർച്ച് പാർക്ക് എന്നിവരുമായി ചേർന്ന് ഇലക്ട്രിക് വെഹിക്കിൾസ് കോൺക്ലേവ് സീരീസിന് തുടക്കം കുറിച്ചു.




കേരളത്തിൽ ഇത്തരത്തിൽ നടക്കുന്ന ഈ ആദ്യ പരമ്പര, സുസ്ഥിരമായ ഗതാഗതത്തിലേക്കുള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തെ ത്വരിതപ്പെടുത്തുന്നതിനും, കൂടാതെ ഇലക്ട്രിക് വെഹിക്കിൾ (ഇവി) ഉപസംവിധാനങ്ങളുടെയും ഘടകങ്ങളുടെയും സ്വദേശിവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടും കൂടിയായിരുന്നു. 2050 ആകുമ്പോഴേക്കും, കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാനും കൂടാതെ സംസ്ഥാനത്ത് ഒരു വൈദ്യുത വാഹന ആവാസവ്യവസ്ഥ വികസിപ്പി ക്കുകയും ചെയ്യുക എന്ന കേരള സർക്കാരിന്റെ ലക്ഷ്യവുമായി ഇത് പൊരുത്തപ്പെടുന്നു.



‘എൽടിഓ ബാറ്ററികളും അതിന്റെ ബാറ്ററി മാനേജ്മെന്റ് സംവിധാനവും’ എന്ന ശീർഷകത്തിൽ നടത്തിയ ഏകദിന പരമ്പരയിലെ ആദ്യ കോൺക്ലേവ് 2023 ഏപ്രിൽ 5 ന് തിരുവനന്തപുരം, ഹൈസിന്ത് ഹോട്ടൽസിൽ വെച്ചാണ് നടത്തിയത്.



ഡോ. എസ്. എ. ഇളങ്കോവൻ, ഡെപ്യൂട്ടി ഡയറക്ടർ – പിസിഎം, വിഎസ്എസ്സി, പരിപാടി ഉദ്ഘാടനം ചെയ്തു. കെ-ഡിസ്ക്, മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണികൃഷ്ണന്റെ ആമുഖ പ്രഭാഷണത്തോടെ നടന്ന പരിപാടിയിൽ, ശ്രീ. എൻ. നാരായണമൂർത്തി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ; ശ്രീ. ജോർജ്ജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ടിടിപിഎൽ; കോശി പി. വൈദ്യൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ട്രസ്റ്റ് റിസർച്ച് പാർക്ക്, കൂടാതെ ശ്രീ. വി ചന്ദ്രശേഖർ, സീനിയർ ഡയറക്ടർ-പിഇജി, സി-ഡാക് എന്നിവരും പങ്കെടുത്തു.





സി-ഡാക് തദ്ദേശീയമായി വികസിപ്പിച്ച എൽടിഓ ബാറ്ററി മാനേജ്മെന്റ് സംവിധാനത്തെ കുറിച്ചുള്ള ധവളപത്രത്തിന്റെ പ്രകാശനവും കെ-ഡിസ്കിന്റെ




ധനസഹായത്തോടെ ടിടിപിഎല്ലിൽ സ്ഥാപിച്ച ബാറ്ററി മെറ്റീരിയൽ റിസർച്ച് സെന്ററിന്റെ (ബിഎംആർസി) സമാരംഭവും തദവസരത്തിൽ നടന്നു. ലിഥിയം അയൺ ബാറ്ററിയുമായും ഇ-മൊബിലിറ്റിയുമായും ബന്ധപ്പെട്ട വിവിധ സാങ്കേതിക വശങ്ങളും കൂടാതെ തദ്ദേശീയ സാങ്കേതിക വികാസങ്ങളും ചർച്ച ചെയ്യാൻ രാജ്യത്തുടനീളമുള്ള വ്യവസായ സ്ഥാപനങ്ങൾ, ഗവേഷണ-വികസന കേന്ദ്രങ്ങൾ, സർവകലാശാലയിലെ പഠന ഗവേഷണ വിഭാഗം എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധരെ ഈ കോൺക്ലേവിലൂടെ ഒരുമിച്ച് കൊണ്ട് വരാൻ സാധിച്ചു.



# കേരള നോളജ് എക്കണോമി മിഷൻ (കെ കെ ഇ എം)

## നവീന പദ്ധതികൾ

**വിവരം, വിദ്യാഭ്യാസം, ആശയവിനിമയം (ഇൻഫർമേഷൻ, എജ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ ഐഇസി) തയ്യാറാക്കുന്നതിനുള്ള ശില്പശാല**



തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ലിംഗപരമായ ആശങ്കകൾ സമന്വയിപ്പിക്കുക എന്നതാണ് കേരള നോളജ് ഇക്കണോമി മിഷന്റെ പ്രധാന മുൻഗണനകളിൽ ഒന്ന്, ഇതിലൂടെ, ഉൽപ്പാദനക്ഷമത, സാമ്പത്തിക വളർച്ച, മാനവ വിഭവശേഷി വികസനം, സുസ്ഥിര വികസനവും ദാരിദ്ര്യം കുറയ്ക്കലും എന്നിവയെല്ലാം കൂടുതൽ ഫലപ്രദമായി വർധിപ്പിക്കുന്നത് സഹായകരമാകും. ലോകത്തെവിടെ നിന്നുമുള്ള തൊഴിലവസരങ്ങളിൽ നേരിട്ട് ഇടപെടുന്നതിലൂടെ കേരളത്തിലെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് 2026–ാമാണ്ടോടെ, 20 ലക്ഷം വിജ്ഞാന തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ഈ മിഷന്റെ ദൗത്യം. വിദ്യാസമ്പന്നരായ സ്ത്രീകളും വിജ്ഞാന തൊഴിൽ മേഖലയിലെ അവരുടെ സംഭാവനയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നുണ്ട്, ഇതും കൂടാതെ ഈ മേഖലയിൽ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അദൃശ്യത അസ്വസ്ഥതയുളവാക്കുന്നതുമാണ്. സാമൂഹിക നീതിയുടെയും സമത്വത്തിന്റെയും തത്വങ്ങൾക്ക് എതിരായിട്ട് മാത്രമേ ഈ സാഹചര്യത്തെ കാണാനാകൂ.

വിജ്ഞാന മേഖലയിലെ ജോലികൾ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്ന പ്രത്യേക പദ്ധതികൾ പരിഗണിക്കേണ്ടത് അത്യാവശ്യമാണ്. വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തിക അവസരങ്ങൾ എന്നിവയിലേക്ക് എളുപ്പത്തിൽ പ്രാപ്യത കൈവരിക്കുന്നതിന് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ പലപ്പോഴും തടസ്സങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്.

പ്രത്യേക ലക്ഷ്യത്തോടെയുള്ള പരിപാടികൾക്കും സംരംഭങ്ങൾക്കും രൂപം നൽകുന്നതിലൂടെ ഈ തടസ്സങ്ങൾ മറികടക്കാൻ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും സഹായിക്കാനാകും, കൂടാതെ ഈ സമൂഹങ്ങളിലെ വ്യക്തികൾക്ക് വിജ്ഞാന ജോലികളിന്മേലുള്ള അവസരങ്ങളിൽ പ്രാപ്യമാകാനും. ഈ സാഹചര്യത്തിൽ കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിനായി കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം), വിവിധങ്ങളായ പദ്ധതികൾ ആരംഭിക്കാൻ തീരുമാനിച്ചു.

കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന് വേണ്ടി 2023 ജൂൺ മാസത്തിൽ ആരംഭം കുറിക്കാൻ കേരള നോളജ് ഇക്കണോമി മിഷൻ ലക്ഷ്യം വയ്ക്കുന്ന നവീനങ്ങളായ ഈ പദ്ധതികളിലേക്കുള്ള സന്നദ്ധപ്രവർത്തകരുടെ പരിശീലനത്തിനായി, 2023 ഏപ്രിൽ 3, 4 തീയതികളിൽ കേരളാ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിൽ വെച്ച് ഒരു ശില്പശാല നടത്തി.
ഡോ പി. വി. ഉണ്ണികൃഷ്ണൻ, മെമ്പർ സെക്രട്ടറി, കെ–ഡിസ്ക്, ദ്വിദിന ശിൽപശാല ഉദ്ഘാടനം ചെയ്തു, കേരള നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ ഡോ. പി. എസ് ശ്രീകല, മുഖ്യപ്രഭാഷണം നടത്തി.

### തൊഴിൽ തീരം:

സംസ്ഥാന സർക്കാരിന്റെ മത്സ്യബന്ധന വകുപ്പിന്റെ പിന്തുണയോടെ, മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് നൈപുണ്യവും മാർഗനിർദേശങ്ങളും നൽകി അവരെ വിജ്ഞാനാധിഷ്ഠിത ജോലികൾ നേടാൻ സഹായിക്കുന്ന ഒരു പ്രത്യേക പരിപാടിയാണ് തൊഴിൽ തീരം പദ്ധതി.

### പ്രൈഡ്:

വിദ്യാസമ്പന്നരായ ഭിന്നലിംഗ വിഭാഗത്തിലെ വ്യക്തികൾക്ക് വിജ്ഞാനാധിഷ്ഠിത ജോലികൾ നൽകാൻ സഹായകരമാകുന്ന നൈപുണ്യവും മാർഗനിർദേശങ്ങളും നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന മറ്റൊരു പരിപാടിയാണ് 'പ്രൈഡ്'.

**പഞ്ചമി:**

പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള വിദ്യാസമ്പന്നരായ വ്യക്തികളെ വിജ്ഞാനാധിഷ്ഠിത ജോലികൾക്ക് പ്രാപ്തരാക്കാനുള്ള നൈപുണ്യവും മാർഗനിർദേശങ്ങളും നൽകുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ പിന്തുണയോടെ നടപ്പാക്കുന്ന ഒരു പ്രത്യേക പരിപാടിയാണ് 'പഞ്ചമി'.





**ഒപ്പര:**

പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള വിദ്യാസമ്പന്നരായ വ്യക്തികളെ വിജ്ഞാനാധിഷ്ഠിത ജോലികൾ ഏറ്റെടുക്കുന്നതിന് പ്രാപ്തരാക്കുക ലക്ഷ്യമിട്ട്, അവർക്കാവശ്യമായ നൈപുണ്യവും മാർഗനിർദേശങ്ങളും നൽകുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ പിന്തുണയോടെ നടപ്പാക്കുന്ന ഒരു പ്രത്യേക പരിപാടിയാണ് 'ഒപ്പര'.

സമൂഹത്തിലെ സന്നദ്ധ പ്രവർത്തകർ, വിഷയപാടവമുള്ള ആളുകൾ, കെകെഇഎം-ന്റെ ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവർ ഈ ശിൽപശാലയിൽ പങ്കെടുത്തു. ഐഇസി-യ്ക് ആവശ്യമായ സാമഗ്രികൾ തയ്യാറാക്കുന്നതിനായി ഇവരെ നാല് സംഘങ്ങളായി തിരിച്ച്, മുകളിൽ സൂചിപ്പിച്ച വിവിധ പരിപാടികൾ നടപ്പാക്കുന്നതിൽ ഏർപ്പെടുന്ന സന്നദ്ധ പ്രവർത്തകർക്കും മറ്റും വേണ്ടുന്ന പരിശീലനത്തിനത്തിന്റെ വ്യാപ്തി; വിവിധ പദ്ധതികളിൽ നിന്നുള്ള പ്രതീക്ഷ, ഈ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന തിനും നടപ്പിലാക്കുന്നതിനുമുള്ള പരിപാടികൾ എന്നിവ ചർച്ച ചെയ്തു.

ഈ പദ്ധതികളുടെ ഘട്ടം ഘട്ടമായുള്ള ആസൂത്രണത്തിനും വിശകലനത്തിനും വിവിധ പദ്ധതികൾക്കായുള്ള സന്നദ്ധ സേവകരുടെ പരിശീലനത്തിന് വേണ്ടി ഐഇസി സാമഗ്രികൾ തയ്യാറാക്കുന്നതി നും പ്രത്യേകം പ്രത്യേകമായി കൂടിയിരുന്നാണ് ശിൽപശാലയിൽ ചർച്ചകൾ നടത്തിയത്.


തൊഴിൽ തീരം, പ്രൈഡ്, പഞ്ചമി, ഒപ്പര എന്നീ നാല് പദ്ധതികൾക്ക് വേണ്ടി ഐഇസി സാമഗ്രികൾ തയ്യാറാക്കുന്ന തിനായി കേരള നോളജ് ഇക്കണോമി മിഷൻ സംഘടിപ്പിച്ച ശിൽപശാലയിൽ സമൂഹത്തെ അണിനിരത്തുന്നതിനുള്ള പദ്ധതി, ചോദ്യോത്തര പരിപാടി, പരിശീ ലനത്തിനാവശ്യമായ പഠനപദ്ധതിയുടെ ഘടകം തയ്യാറാക്കൽ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരെ കെകെഇഎം പദ്ധതികളുമായി ബന്ധിപ്പിക്കൽ, പ്രവർത്തന പട്ടിക തയ്യാറാക്കൽ, പതിവ് ചോദ്യങ്ങളുടെ ഉത്തരം തയ്യാറാക്കൽ എന്നിങ്ങനെയുള്ള വ്യത്യസ്ത സെഷനുകളായാണ് പരിപാടികൾ നടത്തിയത്.



## തൊഴിലരങ്ങത്തേക്ക്

ജില്ലാതല പ്രോഗ്രാം മാനേജർമാരുടെ അവലോകന യോഗവും 2023-24ലെ പ്രവർത്തന പദ്ധതി അവതരണവും, 2023 ഏപ്രിൽ 5ന്, കേരളാ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിൽ വെച്ച് നടന്നു. കേരളാ നോളജ് ഇക്കണോമി മിഷൻ ഡയറക്ടർ ഡോ. പി. എസ്. ശ്രീകല യുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ കെകെഇഎം പ്രോഗ്രാം മാനേജിംഗ് യൂണിറ്റ് അംഗങ്ങൾ പങ്കെടുത്ത് സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പദ്ധതിയുടെ പുരോഗതി അറിയിക്കുകയും ചെയ്തു.

2023 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ കേരളത്തിൽ ഉടനീളം നടത്തിയ തൊഴിൽ മേളയുടെ സമകാലിക വിവരങ്ങൾ ജില്ലാ പ്രോഗ്രാം മാനേജർമാർ അവതരിപ്പിച്ചു. കേരള നോളജ് ഇക്കണോമി മിഷന്റെ 2023-24 വർഷത്തെ പ്രവർത്തന പദ്ധതി, ഡോ. പി എസ് ശ്രീകല അവതരിപ്പിച്ചു, കെകെഇഎം പ്രോഗ്രാം മാനേജർ ശ്രീ നിധീഷ്, തോഴിലരങ്ങത്തേക്ക് രണ്ടാം ഘട്ട പ്രവർത്തനത്തിൽ 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെയുള്ള ആദ്യ പാദത്തിലെ പ്രവർത്തന പദ്ധതി മുന്നോട്ട് വെച്ചു.



## പുസ്തക പരിചയം

**ബിജു പരമേശ്വരൻ**

ഗ്രാസ്റൂട്ട്സ് ഇന്നൊവേഷൻ –
അനിൽ കെ. ഗുപ്ത

ഇന്നൊവേഷന്റെ ജനാധിപത്യ
വൽക്കരണം എന്നതാണ് കെ–ഡിസ്ക്
നടപ്പാക്കുന്ന യങ് ഇന്നൊവേറ്റേഴ്സ്
പ്രോഗ്രാമിന്റെ ആപ്തവാക്യം തന്നെ.
അതിലൂടെ അർത്ഥമാക്കുന്നത്
കഴിയുന്നത്ര വിദ്യാർത്ഥികൾക്ക്
ഇന്നൊവേഷന്റെ സമ്പൂർണ്ണ ജീവിത
ചക്രം അനുഭവഭേദ്യമാക്കുകയെന്ന
താണ്. അത്തരത്തിൽ നോക്കുമ്പോൾ,
ഇന്നൊവേഷന്റെ ജനാധിപത്യ
വൽക്കരണത്തെക്കുറിച്ചുള്ള തന്റെ
സ്വപ്നം എങ്ങിനെ സാക്ഷാത്
ക്കരിക്കും എന്നതിന്റെ ഒരു
വിവരണമാണ് ഇവിടെ
പരിചയപ്പെടുത്തുന്ന ഈ പുസ്ത
കത്തിലുള്ളതെന്ന, ഈ മേഖലയിലെ
അഗ്രഗണ്യനെന്ന് വിശേഷിക്കപ്പെടുന്ന
രചയിതാവിന്റെ പ്രഖ്യാപനം,
കൗതുകമുയർത്തുന്നു.

ഈ പുസ്തകത്തിന് ഒരു ഉപശീർഷക
മുണ്ട്, 'മൈൻഡ്സ് ഓൺ ദി മാർജിൻ
ആർ നോട്ട് മാർജിനൽ മൈൻഡ്സ്'.
('ഓരങ്ങളിലുള്ള മനസ്സുകൾ
പ്രാന്തവൽകരിച്ച മനസ്സുകളല്ല')
എന്നാണത്. വൈഐപി–യുടെ
ഭാഗമായി 2023 ഫെബ്രുവരിയിൽ
പ്രോബ്ലം സ്റ്റേറ്റ്മെന്റുകൾ കണ്ടെ
ത്താനായി നടത്തിയ സർക്കാർ
വകുപ്പുകളുടെ സംസ്ഥാനതല
ശിൽപശാല ഉദ്ഘാടനം ചെയ്ത
ശ്രീമതി വി. വിഘ്നേശ്വരി ഐ. എ.
എസ് തദവസരത്തിൽ ഈ പുസ്ത
കത്തെക്കുറിച്ച് പരാമർശിക്കുക
യുണ്ടായി.

കൗൺസിൽ ഓഫ് സയന്റിഫിക് &
ഇൻഡസ്ട്രിയൽ റിസർച്ച് – ഭട്നഗർ
ഫെല്ലോ ആയ പ്രൊഫ. അനിൽ കെ.
ഗുപ്ത, ഐഐഎം അഹമ്മദാബാദിൽ
നാല് ദശാബ്ദക്കാലം പഠിപ്പിച്ചു. 1985–ൽ
ബംഗ്ലാദേശ് സർക്കാർ അദ്ദേഹത്തി
നോട് കൃഷിയിടത്തിലെ ഗവേഷണ
മേഖലയിലൂടെ അവരുടെ കൃഷി
പുനഃക്രമീകരിക്കാൻ സഹായി
ക്കണമെന്നുള്ള അഭ്യർത്ഥന മുന്നോട്ട്
വച്ചു. നല്ല ജ്ഞാനമുണ്ടെങ്കിലും
പാർശ്വവൽക്കരിക്കപ്പെട്ടതുമായ
കർഷകർക്ക് മോശമായ വേതനം
ലഭിക്കുന്ന ദുരവസ്ഥ നേരിട്ടനുഭവിച്ച
അദ്ദേഹം ഒരു യാത്രയ്ക്ക് തയ്യാറായി.
ആ യാത്ര അദ്ദേഹത്തിന്റെ ജീവിത
ത്തെ മാറ്റിമറിക്കുകയും
ആയിരക്കണക്കിന് ആളുകളുടെ
ജീവിതത്തെ സ്പർശിക്കുകയും
ചെയ്തു. താഴേത്തട്ടിലുള്ള
കുട്ടികൾക്കും സർഗ്ഗാത്മക കൂട്ടായ്മ
കൾക്കും അംഗീകാരം ലഭിക്കുന്നു
ണ്ടെന്ന് ഉറപ്പാക്കാനും, അതോടൊപ്പം
സാമൂഹിക നന്മ ലക്ഷ്യമിട്ട് എല്ലാ
തലങ്ങളിലും നൂതനാശയ
രൂപീകരണത്തിനുള്ള സാധ്യതകൾ
വ്യപാരിപ്പിക്കുന്നതിനും അദ്ദേഹം
മുൻകൈയെടുത്തു.


ആശയവിനിമയത്തിന്റെയും
അധികാരത്തിന്റെയും ഇരു–വഴി
പ്രസ്ഥാനത്തിലൂടെ മുന്നോട്ട്
പോകുന്ന കർഷകരെയും ശാസ്ത്ര
ജ്ഞരെയും കാണാനിടയായ ശേഷം
താഴേത്തട്ടിലുള്ള ആയിരക്കണക്കിന്
ഇന്നൊവേറ്റർമാരെ ഒരുമിച്ച് കൊണ്ട്
വരുന്നത് ലക്ഷ്യമിട്ട് അദ്ദേഹം ഹണി
ബീ നെറ്റ്വർക്ക് (തേനീച്ച ശൃംഖല)
എന്ന് വിളിക്കുന്ന ഒരു സാമൂഹിക
–ധാർമ്മിക പ്രസ്ഥാനം സ്ഥാപിച്ചു.
തേനീച്ചകൾ പൂക്കളിൽ നിന്ന് പൂമ്പൊടി
ശേഖരിക്കുകയും അതിനിടെ അവ
പരപരാഗണം നടത്തുകയും ചെയ്യുന്നു.
അദ്ദേഹം പറയുന്നത്, ഇവിടെ പൂക്കൾ
ചതിക്കപ്പെട്ടതായി തോന്നുന്നില്ല
എന്നാണ്. വ്യാഖ്യാനങ്ങളും
വിശകലനങ്ങളും, സംഭാവകനിലേക്ക്
തിരികെ എത്തണം.

രണ്ട് പതിറ്റാണ്ടിലേറെ, ഗ്രാമീണ
നാടുകളിലൂടെ സഞ്ചരിച്ച്,
സാധാരണക്കാരിൽ നിന്നുള്ള
ഇന്നൊവേഷനുകൾ പ്രൊഫസർ ഗുപ്ത
കണ്ടെത്തുന്നു. തങ്ങളുടെ ജീവിതത്തിൽ
നേരിടുന്ന പ്രശ്നങ്ങൾക്ക് ലളിതമായ
പരിഹാരങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ള
അത്തരം സാധാരണക്കാരിൽ നിന്ന്
പഠിക്കുന്നതാണ് താഴേത്തട്ടിലെ
നൂതനാശയ രൂപീകരണത്തിന്റെ
സത്തയെന്ന് അദ്ദേഹത്തിന്
ബോധ്യപ്പെട്ടു. തങ്ങളുടെ കൈകളിൽ
ഒരു കണ്ടുപിടുത്തം ഉണ്ടെന്നോ
അല്ലെങ്കിൽ ഒരു പ്രശ്നത്തിന്
ക്രിയാത്മകമായ ഒരു പരിഹാരം
കണ്ട്പിടിക്കുന്നതിൽ അവർക്ക് കാലിടറ
ിപ്പോയിട്ടുണ്ട് എന്നോ അവർ
സാധാരണയായി അറിയുന്നില്ല.

ഇന്നൊവേഷനുകൾ നിരീക്ഷിക്കാനും പഠിക്കാനും പങ്കിടാനും, തന്റെ വിജ്ഞാനശേഖരം കെട്ടിപ്പടുക്കാനും, കർഷകരും, കൈത്തൊഴിലാളികളും, യന്ത്രപ്പണിക്കാരും, വിദ്യാർത്ഥികളും പണ്ഡിതന്മാരുമൊക്കെയായി വിദൂര ഗ്രാമങ്ങളിലൂടെ ഗുപ്ത ഗവേഷണ യാത്രകൾ നടത്തുന്നു. നമ്മുടെ രാജ്യത്തെ ഔപചാരികവും അനൗപചാരികവുമായ മേഖലകൾക്കിടയിൽ ഒരു ആധികാരിക സംവാദത്തിന് തുടക്കമിട്ടതിന് ഇന്ത്യയിലെ സഹകരണ മേഖലയിലെ സംഘാടകയും, ഗാന്ധിയനും, വിമൻസ് അസോസിയേഷൻ ഓഫ് ഇന്ത്യ സ്ഥാപകയുമായ എലാ രമേഷ് ഭട്ട്, ഈ യാത്രകളെ അഭിനന്ദിക്കുന്നത്. വ്യത്യസ്ത പ്രശ്നങ്ങളിലൂടെ കടന്ന് പോകുമ്പോൾ, പരിഹാര രൂപകല്പനയുടെ സമയങ്ങളിലുണ്ടാകുന്ന ആലസ്യം, വിവിധ ഘട്ടങ്ങളിലോ അല്ലെങ്കിൽ ദൈനംദിനമായോ ലഭിക്കുന്ന ഫലങ്ങളിൽ ഉണ്ടാകുന്ന പരാജയം എന്നിവയെ താഴേത്തട്ടിലുള്ള നൂതനാശയ രൂപകർത്താക്കൾ എങ്ങനെയൊക്കെ മറികടന്ന്, അവസാനം ഒരു പരിഹാരവുമായി മുന്നോട്ട് വരുന്നതെങ്ങിനെയെന്നതിന്റെ ഉദാഹരണങ്ങളാൽ സമൃദ്ധമാണ് ഈ പുസ്തകം.

പരിണിതഫലങ്ങളുടെ സ്വാശ്രയത്വം, സുസ്ഥിരത, പ്രചാരണം എന്നിവ വർദ്ധിപ്പിക്കുന്നതിന്, പൊതുവായ, ജനാധിപത്യപരമായ, മിതവ്യയമായ, ലളിതമായ അറിവിനെ എങ്ങിനെ വ്യാപകമാക്കാനാകുമെന്ന ചോദ്യങ്ങൾ പരിശോധിക്കാനാണ് പുസ്തകം ശ്രമിക്കുന്നത്.

ഇക്കാര്യത്തിൽ ഹണി ബീ നെറ്റ്‌വർക്ക് പരീക്ഷിച്ച് നോക്കിയ ചില ഉദ്യമങ്ങളുടെ രൂപരേഖ രചയിതാവ് നൽകുന്നുണ്ട്. 'പഠിതാക്കൾക്കുള്ള പാഠങ്ങൾ' ചിലത് സംഗ്രഹിച്ച്, അവസാന അധ്യായത്തിൽ അദ്ദേഹം നൽകുന്നുണ്ട്, അവയിൽ ചിലതിങ്ങനെ: കൂലിയെഴുത്ത് മാനസികാവസ്ഥ തകർത്തെറിയുക, ആഴത്തിലുള്ള പഠനത്തിനായി സ്വയം ശൂന്യമാക്കേണ്ടതിന്റെ ആവശ്യകത, മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ ആധികാരികത പുലർത്തുക. ഇന്നൊവേഷനുകൾ അഭിവൃദ്ധിപ്പെടണമെന്നുണ്ടങ്കിൽ സാധാരണയിൽ നിന്ന് വ്യതിചലിച്ച് നിൽക്കുന്ന ഗവേഷണങ്ങളെ, സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കണം. അവസാനമായി, ഇന്നൊവേഷൻ എന്നത് ഒരു പ്രക്രിയയാണ്, ഒരു സംഭവമല്ല.



INNOTRACE

## കേരള നോളജ് എക്കണോമി മിഷൻ (കെ കെ ഇ എം)

'ലോകത്തിലെ ഏറ്റവും വലിയ നിപുണതാ കേന്ദ്രം' ആകാനാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡിഡബ്ല്യുഎംഎസ്) ലക്ഷ്യമിടുന്നത്. ഈ വേദിയുടെ മൂന്ന് വ്യത്യസ്ത ഘടകങ്ങൾ തൊഴിലന്വേഷകർ, തൊഴിൽ ദാതാക്കൾ, നൈപുണ്യം എന്നിവയാണ്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിനായി കേരള സർക്കാർ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം അടിസ്ഥാന മാക്കിയുള്ള തന്ത്രപ്രധാനമായ ഒരു പരിപാടിയാണ് കേരള നോളജ് എക്കണോമി മിഷൻ.

KERALA KNOWLEDGE ECONOMY MISSION

# 20 LAKH JOBS BY 2026





| | |
|---|---|
| സമാഹരിച്ച ചെയ്ത ഒഴിവുകൾ | 5,04,486 |
| ആകെ നിയമിച്ചവർ | 15088 |
| തത്സമയ ഒഴിവുകൾ | 57,732 |
| കേരള നോളജ് ഇക്കോണമി മിഷനും പങ്കാളികളും ചേർന്ന് നൽകിയ ജോലികളുടെ എണ്ണം | 33,358 |
| **(2023 ഏപ്രിൽ 30ലെ കണക്ക്)** | |


**കമ്മ്യൂണിക്കേഷൻ ആന്റ് കണ്ടന്റ് മാനേജ്മെന്റ് ടീം പ്രസിദ്ധീകരിക്കുന്നത്**

**ചീഫ് എഡിറ്റർ**

ഡോ. പി. വി. ഉണ്ണികൃഷ്ണൻ

**എഡിറ്റോറിയൽ അഡ്വൈസർ**

ബിജു പരമേശ്വരൻ

ജെ. മുഹമ്മദ് സിയാദ്

**എഡിറ്റോറിയൽ ബോർഡ്**

ലക്ഷ്മി കെ. ജെ

നൂർജഹാൻ എ.

അനുപമ വി. എ.


K-DISC
Kerala Development and Innovation Strategic Council